A1/100/2025-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരിക കാര്യ വകുപ്പ് - കേരള ഫോക് ലോർ അക്കാദമിയ്ക്ക് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്നും നാലാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.634/2025/CLAD തീയതി,തിരുവനന്തപുരം, 01-11-2025

---

പരാമർശം:-

1. 04.01.2021 തീയതിയിലെ 01/2021/ധന. നമ്പർ സർക്കുലർ
2. സ.ഉ.(സാധാ)നം.239/2025/സാം.കാ.വ. തീയതി 29.04.2025
3. സ.ഉ.(സാധാ)നം.370/2025/സാം.കാ.വ. തീയതി 02.07.2025
4. സ.ഉ.(സാധാ)നം.515/2025/സാം.കാ.വ. തീയതി 03.09.2025
5. കേരള ഫോക് ലോർ അക്കാദമി സെക്രട്ടറിയുടെ 04.10.2025 തീയതിയിലെ 647/2025/4/KFLA നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള ഫോക് ലോർ അക്കാദമിയ്ക്ക് 2025-26 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ 25,90,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും പരാമർശം (2) മുതൽ (4) വരെയുള്ള ഉത്തരവുകൾ പ്രകാരം മൂന്ന് ഗഡുക്കളായി 12,25,200/- (പന്ത്രണ്ട് ലക്ഷത്തി ഇരുപത്തിഅയ്യായിരത്തി ഇരുന്നൂറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും നാലാം ഗഡു അനുവദിക്കുന്നതിന് കേരള ഫോക് ലോർ അക്കാദമി സെക്രട്ടറി പരാമർശം കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഫോക് ലോർ അക്കാദമിയ്ക്ക് 2025-26 സാമ്പത്തിക വർഷം "2205-00-102-74-36 (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) നാലാം ഗഡുവായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധനകൾ പ്രകാരം കേരള ഫോക് ലോർ അക്കാദമിയുടെ കണ്ണൂർ ജില്ലാ ട്രഷറിയിലുള്ള 799011400007015 എന്ന STSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ അടുത്ത ഗഡുവിനായി ശിപാർശ

സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, വിശദമായ ചെലവ് വിവരം, പ്രതീക്ഷിത ചെലവ് വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി,കേരള ഫോക് ലോർ അക്കാദമി, കണ്ണൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട്, ഫോർട്ട് പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (E 3128163/EDN-D1/52/2025-FIN dated 31.10.2025)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 01-11-2025 15:56:17